പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 1680

10.02.2020-ൽ മറുപടിക്ക്

## ദാരിദ്ര്യ ലഘൂകരണ യൂണിറ്റ് ജീവനക്കാരുടെ ശമ്പളം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.മുല്ലക്കര രത്നാകരൻ | എ.സി.മൊയ്തീൻ (തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി) |
| എ) കൊല്ലം ജില്ലയിൽ ദാരിദ്ര്യ ലഘൂകരണ യൂണിറ്റ് ജീവനക്കാരുടെ ശമ്പളം മുടങ്ങുന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) ഉണ്ട്. |
| ബി) മറ്റേതെങ്കിലും ജില്ലയിൽ ദാരിദ്ര്യ ലഘൂകരണ യൂണിറ്റ് ജീവനക്കാരുടെ ശമ്പളം മുടങ്ങുന്ന സാഹചര്യം ഉണ്ടായിട്ടുണ്ടോ; വ്യക്തമാക്കാമോ; | ബി) എല്ലാ ജില്ലകളിലും ശമ്പളം മുടങ്ങുന്ന സാഹചര്യം ഉണ്ട്. ജില്ലാ പഞ്ചായത്തിന്റെ അക്കൗണ്ടിൽ നിന്ന് താൽക്കാലിക വായ്പയായി തിരിച്ചടയ്ക്കണമെന്ന വ്യവസ്ഥയിൽ ലഭിക്കുന്ന ഫണ്ടുപയോഗിച്ച് ഇപ്പോൾ എല്ലാ ജില്ലകളിലും ജീവനക്കാർക്ക് ശമ്പളം നല്കി വരുന്നു. |
| സി) സർക്കാർ ജീവനക്കാരായ ഇവരുടെ ശമ്പളം മുടങ്ങുന്നതിന്റെ കാരണം വ്യക്തമാക്കാമോ;<br><br>ഡി) ശമ്പളം മുടക്കം കൂടാതെ ജീവനക്കാർക്ക് ലഭ്യമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ? | സി) & ഡി) കേന്ദ്ര സർക്കാരിൽ നിന്ന് ലഭിക്കുന്ന ഡി.ആർ.ഡി.എ. അഡ്മിനിസ്ട്രേഷൻ ഫണ്ടും ആയതിന്റെ 40% സംസ്ഥാന വിഹിതവും ഉപയോഗിച്ചാണ് ജീവനക്കാരുടെ ശമ്പള വിതരണവും മറ്റ് ആഫീസ് ചെലവുകളും നടത്തുന്നത്. മതിയായ കേന്ദ്ര വിഹിതത്തിന്റെ അഭാവവും ആയത് ലഭിക്കുന്നതിലെ കാലതാമസവും മൂലമാണ് ജീവനക്കാർക്ക് ശമ്പളം മുടങ്ങുന്ന സാഹചര്യമുണ്ടായത്. ഇത് പരിഹരിക്കുന്നതിനായി കേന്ദ്ര സർക്കാരിൽ നിന്ന് ലഭിക്കുന്ന ഫണ്ടിന്റെ ലഭ്യതയ്ക്ക് ആനുപാതികമായി ഡി.ആർ.ഡി.എ.-യിൽ ജീവനക്കാരെ നിലനിർത്തി ബാക്കിയുള്ളവരെ |

മറ്റ് ഓഫീസുകളിലേക്ക് പുനർവിന്യസിക്കുന്നതിനായി ഗ്രാമ വികസന കമ്മീഷണർ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. ആയത് സർക്കാർ പരിശോധിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ